**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1937** **13-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീര ശ്രീ പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര വികസന വകുപ്പ് തയ്യാറാക്കിയ ക്ഷീര ശ്രീ പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ? | (എ) | ക്ഷീരവികസന വകുപ്പിന്റെ വ്യക്തിഗത പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ക്ഷീര സംഘങ്ങളിലെ പാൽ സംഭരണവും, വിപണനവും കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമായി "ക്ഷീരശ്രീ പോർട്ടൽ" എന്ന ഓൺലൈൻ സംവിധാനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ വ്യക്തിഗത പദ്ധതികൾക്കായി ഗുണഭോക്താവ് അപേക്ഷ സമർപ്പിക്കുന്നത് മുതൽ പദ്ധതിയുടെ ധനസഹായതുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആകുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനമായ ക്ഷീരശ്രീ പോർട്ടലിലൂടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ, ക്ഷീര കർഷകർ ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരം അനുസരിച്ച് വില നിർണ്ണയിക്കുന്നതിനും, കാലിത്തീറ്റ വാങ്ങലും/ വില്പനയും, അംഗത്വം നൽകലും, ഇലക്ഷനും കൂടാതെ അക്കൗണ്ടിംഗ് ഉൾപ്പെടെ ക്ഷീരസംഘം മുഖേനയുള്ള എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ